LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 2, വെള്ളി

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2004 ജൂലൈ മാസം 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ... ഓർഡർ ..... (ചോദ്യം നമ്പർ 121)

എസ്. എസ്. എൽ. സി. പരീക്ഷയിലെ ഗ്രേഡ് നിർണ്ണയം

*1 [121] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

„ സ്റ്റീഫൻ ജോർജ്ജ്:

„ തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ വിജയ പരാജയ സാദ്ധ്യതകൾ വിലയിരുത്തുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികളുടെ യോഗ്യത മാനദണ്ഡമാക്കി ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഗ്രേഡിംഗ് സമ്പ്രദായം കുറ്റമറ്റരീതിയിൽ നടപ്പാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുമോ എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, (എ) 2005-ൽ നടക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം നടപ്പാക്കുമ്പോൾ സർട്ടിഫിക്കറ്റിൽ ഒരു വിദ്യാർത്ഥി വിജയിച്ചോ, പരാജയപ്പെട്ടോ എന്ന് രേഖപ്പെടുത്തുന്നതല്ല. അർഹതപ്പെട്ട ഗ്രേഡ് നൽകുക മാത്രമാണ് ചെയ്യുക. തുടർ പഠനത്തിന് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഡി+ നു താഴെ വരുന്ന ഗ്രേഡുകാർക്ക്, ഗ്രേഡ് മെച്ചപ്പെടുത്തുന്നതിന് അവസരം നൽകുന്നതാണ്. 'സേ' പരീക്ഷയുടെ മാതൃകയിൽ അവർക്ക് അവസരം ഉണ്ടാകും. പുതുക്കിയ മൂല്യ നിർണ്ണയ രീതിയനുസരിച്ച് മൂന്ന് ഭാഗങ്ങളായാണ് കുട്ടികളുടെ കഴിവുകൾ വിലയിരുത്തുക.

പാർട്ട് I—വൈജ്ഞാനിക മേഖല: വൈജ്ഞാനികമേഖലയിലുള്ള മികവ് പരിശോധിക്കുന്നതിന് മുൻ വർഷങ്ങളിലേതുപോലെ പൊതു പരീക്ഷ നടത്തുന്നതാണ്. മുൻപ് പൊതു പരീക്ഷയ്ക്ക് 12 പേപ്പർ മാത്രമായിരുന്നു. 2005-ൽ ഐ.റ്റി. ഉൾപ്പെടെ 13 പേപ്പറുകൾക്കാണ് എഴുത്തു പരീക്ഷ നടത്തുന്നത്. ഓരോ പേപ്പറിനും 50 മാർക്ക് വീതമായിരിക്കും. കൂടാതെ ഓരോ വിഷയത്തിനും നിരന്തര മൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതാണ്. നിരന്തര മൂല്യനിർണ്ണയത്തിന് ഐ.റ്റി. ഒഴിച്ച് ഓരോ വിഷയത്തിനും 20 മാർക്ക് വീതമായിരിക്കും. പുതുതായി ഏർപ്പെടുത്തിയ ഐ.റ്റി.യ്ക്ക് നിരന്തര മൂല്യനിർണ്ണയത്തിന് 10 മാർക്കായിരിക്കും. പാർട്ട് I-ൽ പൊതു പരീക്ഷയ്ക്ക് മൊത്തം 650 മാർക്കും നിരന്തര മൂല്യ നിർണ്ണയത്തിന് 250 മാർക്കും ആയിരിക്കും. ഐ.റ്റി. ഒഴികെ ഓരോ വിഷയത്തിനും നിശ്ചയിച്ചിരിക്കുന്ന 70 മാർക്കിൽ എത്ര ശതമാനം ലഭിക്കും എന്ന് കണക്കാക്കി ഗ്രേഡ് നൽകുന്നതാണ്. ഐ.റ്റി.-യ്ക്ക് 60 മാർക്കിൽ എത്ര മാർക്ക് ലഭിക്കും എന്നാണ് കണക്കാക്കുന്നത്. പാർട്ട് I-ൽ 9 പോയിന്റ് അബ്സൊല്യൂട്ട് ഗ്രേഡിംഗ് രീതിയാണ് സ്വീകരിക്കുക. എ+ മുതൽ ഇ വരെയുള്ള ഗ്രേഡിൽ കുട്ടികളുടെ മികവനുസരിച്ച് ഓരോ പേപ്പറിനു നേരെയും ഗ്രേഡ് രേഖപ്പെടുത്തുന്നതാണ്.

പാർട്ട് II—പ്രവൃത്തി പരിചയം, കലാപഠനം, കായിക-ആരോഗ്യ വിദ്യാഭ്യാസം എന്നീ മേഖലകളിലുള്ള മികവ് പരിശോധിക്കുന്നതിന് പ്രത്യേക സൂചകങ്ങൾ ഉൾക്കൊള്ളുന്ന സോഴ്സ് ബുക്കുകൾ ഇതിനകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. 5 പോയിന്റ് അബ്സൊല്യൂട്ട് ഗ്രേഡിംഗ് രീതിയാണ് വിലയിരുത്തലിന് സ്വീകരിച്ചിട്ടുള്ളത് (എ to ഇ). 'എ' ഗ്രേഡ് ലഭിക്കുന്നവർ ഏറ്റവും ഉയർന്ന മികവ് ഈ മേഖലകളിൽ പ്രകടിപ്പിച്ചവരായിരിക്കും. 30%-ൽ താഴെ മാർക്ക് ലഭിക്കുന്നവർ 'ബിലോ ആവറേജ്' വിഭാഗത്തിൽപ്പെടും. ഈ മേഖലയിലുള്ള കഴിവ് സ്കൂളിലെ ഒരു സംഘം അദ്ധ്യാപകരാണ് വിലയിരുത്തുന്നത്.

പാർട്ട് III—വ്യക്തിഗതവും സാമൂഹികവുമായ കഴിവുകളാണ് ഇതിലൂടെ വിലയിരുത്തപ്പെടുന്നത്. ഇതിനുവേണ്ടി പ്രത്യേകം സൂചകങ്ങൾ നൽകിയിട്ടുണ്ട്. സംഘ പ്രവർത്തന നൈപുണി, ആശയവിനിമയ നൈപുണി, നേതൃത്വഗുണം, കൃത്യനിഷ്ഠ, ക്ലബ് പ്രവർത്തനങ്ങൾ എന്നീ മേഖലകളിലുള്ള ശേഷികളാണ്

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തുക. ഈ ശേഷികൾ വിലയിരുത്തുന്നത് 5 പോയിന്റ് ഡയറക്ട് ഗ്രേഡിംഗ് രീതി (എ to ഇ) അനുസരിച്ചാണ്. 'എ' ഗ്രേഡ് ലഭിക്കുന്നവർ 'ഔട്ട്സ്റ്റാന്റിംഗ്' വിഭാഗത്തിലും 'ഇ' ഗ്രേഡ് ലഭിക്കുന്നവർ 'ബിലോ ആവറേജ്' വിഭാഗത്തിലും പ്പെടുന്നു.

തുടർപഠനത്തിന് പാർട്ട് I, II, III എന്നീ വിഭാഗങ്ങളിലേയും ഗ്രേഡ് പരിഗണിക്കുന്നതാണ്.

(ബി) വിദ്യാർത്ഥികളുടെ യോഗ്യത ഗ്രേഡിംഗിന്റെ മുഖ്യ മാനദണ്ഡമാണ്. പാർട്ട് I, II, III മേഖലകളിലെ മികവ് പരിഗണിച്ചാണ് ഗ്രേഡിംഗ് സമ്പ്രദായം നടപ്പാക്കുന്നത്. ഇന്റേണൽ അസസ്സ്മെന്റ് അതത് സ്കൂളുകളിലെ അദ്ധ്യാപകരാണ് നടത്തുന്നതെങ്കിലും കുട്ടികളുടെ യോഗ്യത നിഷ്പക്ഷമായി വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ ഉൾക്കൊള്ളുന്ന സോഴ്സ് ബുക്ക് എല്ലാ ഹൈസ്ക്കൂളുകളിലും ലഭ്യമാക്കിയിട്ടുണ്ട്. യോഗ്യത വിലയിരുത്തുന്നതിൽ പരാതിയുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിന് സംവിധാനം ഉണ്ടാക്കുന്നതാണ്. ഇന്റേണൽ അസ്സസ്മെന്റ് കൂടുതൽ സുതാര്യമാക്കുന്നതിന് കുട്ടികൾക്ക് ലഭിക്കുന്ന സ്കോർ പരസ്യമായി പ്രദർശിപ്പിച്ച് പരാതികൾ ഉണ്ടെങ്കിൽ അതിൻമേൽ തീരുമാനമാക്കി മാത്രമേ പരീക്ഷാ ഭവനിലേയ്ക്ക് അയയ്ക്കാൻ പാടുള്ളുവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കെ.ഇ.ആർ.-ൽ അനുശാസിക്കുന്ന രീതിയിലുള്ള നടപടിക്രമം ഗ്രേഡിംഗിന്റെ രീതിയിൽ സ്വീകരിച്ചിട്ടുണ്ട്. ഗ്രേഡിംഗ് സമ്പ്രദായം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുവേണ്ടിയാണ് ജി.ഒ. (പി) 53/04/പൊ.വി.വ. തീയതി 4-2-2004 പ്രകാരം വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ ഗ്രേഡിംഗിന്റെ വിവിധ വശങ്ങൾ സ്റ്റേറ്റ് കരിക്കുലം കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്.

<u>ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:</u> ഗ്രേഡ് നിർണ്ണയം നടത്തുമ്പോൾ ടോപ്പ് സ്കോററും അതേ ഗ്രേഡിലുള്ള മിനിമം സ്കോററും തുല്യ ഗ്രേഡിൽ വരുന്നു. പക്ഷേ അവർ തുല്യരല്ല. ഈ അനോമലി പരിഹരിക്കുന്നതിന് എന്താണ് മാനദണ്ഡം?

<u>ശ്രീ. നാലകത്ത് സൂപ്പി:</u> നിരന്തരമായി മൂല്യ നിർണ്ണയത്തിൽ കിട്ടുന്ന മാർക്കും പൊതു പരീക്ഷയിൽ കിട്ടുന്ന മാർക്കും അടിസ്ഥാനപ്പെടുത്തിയാണ് ഗ്രേഡ് നിർണ്ണയം നടത്തുന്നത്. എന്നാൽ ഡയറക്ട് ഗ്രേഡിംഗ് എന്ന് പറയുന്നത് മാർക്ക് അടിസ്ഥാനമാക്കി ഉള്ളതല്ല. ഗ്രേഡിംഗ് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ നേരിട്ട് പരിശോധന നടത്തുന്നു.

<u>ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:</u> പ്ലസ് വൺ-ന്റെ അഡ്മിഷൻ സംബന്ധിച്ച് ഏത് ഗ്രേഡ് വരെയുള്ള കുട്ടികൾക്ക് അഡ്മിഷൻ ലഭ്യമാകും; അല്ലെങ്കിൽ പ്ലസ് വൺ-ന്റെ അഡ്മിഷനെ സംബന്ധിച്ച് എന്താണ് ഗ്രേഡിംഗ് സിസ്റ്റത്തിലുള്ള മാനദണ്ഡം?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: പ്ലസ് വൺ അഡ്മിഷന് ഗ്രേഡ് 1, 2 എന്നീ മേഖലകളിലുള്ള കുട്ടികൾ യോഗ്യരായിരിക്കും. ഗ്രേഡ് 3 മേഖലയിലുള്ള ഡയറക്ട് ഗ്രേഡിംഗ് അല്ലാത്ത കുട്ടികൾക്കും പ്ലസ് വൺ-ന് അഡ്മിഷൻ കിട്ടും.

ശ്രീ. ജോസഫ്. എം. പുതുശ്ശേരി: ഒരു വലിയ പുതിയ മാറ്റം വിദ്യാഭ്യാസ മേഖലയിൽ വരികയാണ്. നിലവിലുള്ള സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായ രീതി അവലംബിക്കുകയാണ്. ഇതുസംബന്ധിച്ച് വിമർശനങ്ങളും അഭിനന്ദനാർഹമായ അഭിപ്രായ പ്രകടനങ്ങളും ഉണ്ടായിട്ടുണ്ട്. ഏതായലും ഇതുസംബന്ധിച്ച് ഇപ്പോഴും വിദ്യർത്ഥികളിലും അദ്ധ്യാപകരിലുമൊക്കെ ഒരു അവ്യക്തത നിലനിൽക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്വാഭാവികമായും നിർവ്വഹിക്കേണ്ടത് അദ്ധ്യാപകരാണ്. ഇത് പ്രാവർത്തികമാക്കുമ്പോൾ 10-ാം ക്ലാസിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഫലപ്രദമായി നടപ്പിലാക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ടോ; ആ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? .

ശ്രീ. നാലകത്ത് സൂപ്പി: ഇതുമായി ബന്ധപ്പെട്ട് അവധിക്കാലത്ത് ടീച്ചേഴ്സിന് പരിശീലനം നൽകി; ഇപ്പോഴും പരിശീലനം നൽകിവരുന്നുണ്ട്. മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ഈ പരിശീലനം ഉദ്ദേശിച്ചിരിക്കുന്നത്. ഈ പരിശീലന പരിപാടിയിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേയും അദ്ധ്യാപകർക്കും ഹെഡ്മാസ്റ്റർമാർക്കും വിദ്യാഭ്യാസ ആഫീസർമാർക്കും മൂല്യ നിർണ്ണയം സംബന്ധിച്ച് സമഗ്രമായ പരിശീലനം നൽകും. അതുപോലെ പൊതുജനങ്ങളുടെയിടയിൽ പി.ടി.എ.-യെകൂടി സഹകരിപ്പിച്ചുകൊണ്ട് അതിന് വൈഡ് പബ്ലിസിറ്റി കൊടുക്കും.

ശ്രീ. ജോസഫ്. എം. പുതുശ്ശേരി: 2005 മാർച്ചിലാണ് ഇത് നടപ്പിലാക്കുന്നത് എന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ഞാൻ നേരത്തെ പറഞ്ഞു, ഗ്രേഡിംഗിന്റെ ഓർഡർ ഇറക്കി. എല്ലാ സ്കൂളുകളിലും ഇതിന്റെ സോഴ്സ് ബുക്കുകൾ, അതുപോലെ തന്നെ ഹാന്റ് ബുക്കുകൾ എന്നിവ വിതരണം ചെയ്തു. എസ്. സി. ഇ. ആർ. ടി. കരിക്കുലം തയ്യാറാക്കി. അതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതുപോലെ പേപ്പർ മീഡിയ, എസ്. സി. ഇ. ആർ. ടി.-യുടെ സമീപന രേഖ ഈ കരിക്കുലം കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇത് കേരള സർക്കാർ വെബ്സൈറ്റിലും ലഭ്യമാണ്.

ശ്രീ. സ്റ്റീഫൻ ജോർജ്: സംസ്ഥാനത്ത് ഈ വർഷം മുതൽ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാകുന്നതു സംബന്ധിച്ച് ധാരാളം സംശയങ്ങൾ മാതാപിതാക്കളിലും അദ്ധ്യാപകരിലും ഉളവായിരിക്കുകയാണ്. ഉദാഹരണത്തിന് ഈ പുതിയ അസ്സസ്മെന്റ് നടത്തുമ്പോൾ വിദ്യാർത്ഥികളുടെ ബിഹേവിയർ, എക്സ്ട്രാകരിക്കുലർ ആക്റ്റിവിറ്റീസ്, സ്പോർട്ട്സ്, ഗെയിംസ് മറ്റ് കഴിവുകൾ ഇതെല്ലാം

പരിശോധിക്കപ്പെടാൻ ഓരോ വിഷയവും ഐച്ഛികവിഷയമായി എടുത്ത് പഠിച്ച അദ്ധ്യാപകരുമായി ബന്ധപ്പെട്ട് അസ്സസ് ചെയ്യാൻ പ്രാപ്തരായ അദ്ധ്യാപകർ നമ്മുടെ നിലവിലുള്ള സംവിധാനത്തിൽ ഉണ്ടോയെന്നുള്ളതാണ് മുഖ്യമായ സംശയം. ആയതുകൊണ്ട് ഈ മൂല്യ നിർണ്ണയത്തിലെ അടിസ്ഥാന വസ്തുതകൾ ഒന്ന് വിശദീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: മൂല്യനിർണ്ണയം കുറ്റമറ്റതാക്കാൻ നടപടി എടുത്തിട്ടുണ്ട്. മൂല്യനിർണ്ണയം, ഗ്രേഡിംഗ് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കുന്ന സർക്കാർ ഉത്തരവ് മൂല്യനിർണ്ണയ രൂപരേഖ, സോഴ്സ് ബുക്കുകൾ, സ്കീം ഓഫ് വർക്ക്, എന്നിവ സ്കൂളുകളിൽ എത്തിച്ച് കൊടുത്തിട്ടുണ്ട്. അവയെ ആസ്പദമാക്കി മൂല്യനിർണ്ണയം നടത്താൻ ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം കൃത്യമായി നടപ്പിലാക്കാൻ ഓരോ വിഷയവും പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചുകൂടുന്ന സ്കൂൾ സബ്ജക്ട് റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഇന്റേണൽ അസ്സസ്മെന്റ് മുഖേന അദ്ധ്യാപകർ നൽകുന്ന സ്കോറുകൾ സുതാര്യമായിരിക്കുവാൻ അവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് സർക്കാർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. സംശയമോ, പരാതിയോ ഉള്ളവർക്ക് ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിലുള്ള സമിതിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഈ നടപടിക്രമം പൂർത്തിയാക്കിയതിനുശേഷം മാത്രമേ ഒരു വിദ്യാർത്ഥിയുടെ ഗ്രേഡിംഗിനെ സംബന്ധിച്ച റിപ്പോർട്ട് നല്കാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഓരോ വിഷയത്തിലുമുള്ള പഠന പുരോഗതി അതാതു അദ്ധ്യാപകർ അപ്പോൾതന്നെ രേഖപ്പെടുത്തും. ഇത് പി. റ്റി. എ. യോഗങ്ങളിൽ രക്ഷിതാക്കളുടെ അറിവിലേക്കായി വിതരണം ചെയ്യുന്നു. 10-ാം ക്ളാസിലെ കുട്ടികൾ തയ്യാറാക്കുന്ന പ്രോജക്ട്, അസൈൻമെന്റ്, അവർ നടത്തുന്ന സെമിനാർ മുതലായവ വിലയിരുത്തുന്നതിന് കൃത്യമായ സൂചനകൾ നല്കിയിട്ടുണ്ട്. അതിൽനിന്ന് വ്യതിചലിക്കാൻ ഒരു അദ്ധ്യാപകനും സാദ്ധ്യമല്ല. പാർട്ട് II, പാർട്ട് III, എന്നിവയിലെ ഗ്രേഡ് മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതുമൂലം പരിഷ്ക്കരിച്ച രീതി സുതാര്യമാണെന്നാണ് ഇപ്പോൾ അനുമാനിക്കുന്നത്.

ശ്രീ. സ്റ്റീഫൻ ജോർജ്: നിലവിലുള്ള എസ്.എസ്.എൽ.സി. പരീക്ഷ പ്രത്യേകമായി നമ്പരിട്ട് ക്യാമ്പിൽ വച്ച് നടത്തുന്നതുകൊണ്ട് ഏതു കുട്ടിയാണെന്ന് അദ്ധ്യാപകർക്ക് അറിയില്ല. അതുകൊണ്ട് വളരെ നിഷ്പക്ഷമായ അസ്സസ്മെന്റ് നടക്കുന്നുവെന്നാണ് വിചാരിക്കുന്നത്. പക്ഷെ പുതിയ സംവിധാനത്തിൽ കുട്ടികളെ അറിഞ്ഞ്, കുട്ടികളുടെ കഴിവുകൾ അറിഞ്ഞ് പരിശോധിച്ചാണ് മാർക്കിടുന്നത്. അങ്ങനെ നേരിട്ട് ചെയ്തുവരുമ്പോൾ ഇപ്പോൾ യൂണിവേഴ്സിറ്റികളിൽ റിസർച്ചിനും മറ്റ് പോസ്റ്റ് ഗ്രാജ്യുവേഷൻ തുടങ്ങിയ കോഴ്സുകളിലും നടക്കുന്നതുപോലെ അസ്സസ്മെന്റിൽ അദ്ധ്യാപകരുടെ ഇഷ്ടാനിഷ്ടങ്ങൾ വരാനും അങ്ങനെ അനീതി നടക്കാനും സാധ്യതയുണ്ട്. നേരിട്ട് വിദ്യാർത്ഥികളുടെ കഴിവുകൾ അസസ്സ് ചെയ്ത് മാർക്ക് കൊടുക്കുമെന്നും റിസൽട്ട് പ്രസിദ്ധീകരിക്കുമെന്നും പരാതിയുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാമെന്നുമൊക്കെ ഉത്തരത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എങ്കിൽപോലും അത് ആര് അസ്സസ് ചെയ്യും, മാർക്ക് ഇടുന്ന അദ്ധ്യാപകർ തന്നെയാണോ അതിന്റെ അപ്പീൽ പരിശോധിക്കുന്നത്, ആരാണ് കൃത്യമായി ചെയ്യുന്നത് എന്ന് വ്യക്തമായി സൂചിപ്പിച്ചിട്ടില്ല. അതിനെക്കുറിച്ച് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ഹെഡ്മാസ്റ്റർമാർക്ക് പരാതി ലഭിച്ചാൽ, ആ പരാതി ഹെഡ്മാസ്റ്റർ, ടീച്ചേഴ്സ് ഗ്രൂപ്പ് അടങ്ങുന്ന കമ്മിറ്റി പരിശോധിക്കും. അതുമല്ലെങ്കിൽ ഡി.ഇ.ഒ. മുഖേനയുള്ള സംവിധാനമുണ്ട്, എന്നിട്ടേ പരാതി പരിഹരിക്കുകയുള്ളൂ.

എസ്. എസ്. എൽ. സി. പരീക്ഷാ ഗ്രേഡിംഗ് സമ്പ്രദായം

*2 [133] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഈ വർഷം മുതൽ ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഡി) അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് അനർഹമായ രീതിയിൽ ഗ്രേഡുകൾ നൽകുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഗ്രേഡിംഗ് സംബന്ധിച്ച് വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും ഉള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): (എ), (ബി): ഉണ്ട്, എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് 2005 മുതൽ ഗ്രേഡിംഗ് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4-2-2004-ൽ ജി.ഒ. (പി) 53/04/പൊതു. വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മൂല്യനിർണ്ണയം പ്രധാനമായും മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. കുട്ടികളുടെ പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട വിലയിരുത്തൽ (വൈജ്ഞാനികമേഖല), പ്രവൃത്തിപരിചയം, കലാപഠനം, ആരോഗ്യ-കായിക വിദ്യാഭ്യാസം എന്നിവയിലുള്ള മികവ് വിലയിരുത്തൽ (സഹവൈജ്ഞാനികമേഖല)

LIBRARY ARCHIVES Kerala Legislative Assembly